# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1230:** **30.9.2011 ന് മറുപടിയ്ക്ക്**

## *മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ് ജോബ് ക്ലബ്ബ് പദ്ധതി*

| *ചോദ്യം.* | *ഉത്തരം* |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) നൂറുദിന പദ്ധതിയിൽപ്പെടുത്തി നടപ്പാക്കുമെന്നു പ്രഖ്യാപിച്ച മൾട്ടി-പർപ്പസ് സർവ്വീസ് സെന്റേഴ്സ് ജോബ് ക്ലബ്ബ് പദ്ധതി പ്രകാരം എത്ര ഗ്രൂപ്പ് സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട് ; | (എ) നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ് ജോബ് ക്ലബ്ബ് പദ്ധതി പ്രകാരം 8 ജില്ലകളിലായി 21 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത ജോബ് ക്ലബ്ബ് അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;<br><br>(സി) ജോബ് ക്ലബ്ബുകൾ ആരംഭിക്കുന്നതിന്റെ നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ? | ***(ബി) & (സി)*** കേരളത്തിലെ ഏതെങ്കിലും ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതും വാർഷിക കുടുംബ വരുമാനം 50000/- രൂപയിൽ കവിയാത്തതും, പ്രായപരിധി 21-നും 40-നും മദ്ധ്യേയുള്ള (ഒ ബി സി വിഭാഗക്കാർക്ക് 3 വർഷവും എസ് സി/എസ് ടി വിഭാഗക്കാർക്ക് 5 വർഷവും വയസിളവ് ലഭിക്കുന്നതാണ്) വർക്ക് പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ജോബ് ക്ലബ്ബ് പദ്ധതി പ്രകാരം സ്വയം തൊഴിൽ സംരംഭം ആരംഭി ക്കാൻ താല്പര്യമുള്ളവർക്ക് അടുത്ത ടൗൺ/ജില്ല എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും പദ്ധതി അപേക്ഷ സൗജന്യമായി ലഭിക്കുന്നതാണ്. ടി അപേക്ഷ പൂരിപ്പിച്ച് ആവശ്യമായ രേഖകൾ സഹിതം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ സമർപ്പിക്കേണ്ടതാണ്. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ പ്രാഥമിക പരിശോധനയ്ക്ക് ശേഷം പദ്ധതിക്കായുള്ള ജില്ലാ കമ്മിറ്റിയിലേയ്ക്ക് അയച്ചു കൊടുക്കുന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായുള്ള ജില്ലാ കമ്മിറ്റി അപേക്ഷകരെ കൂടിക്കാഴ്ചയ്ക്ക് വിളിക്കുകയും അപേക്ഷകരുടെ സംരംഭകത്വശേഷി, പ്രോജക്ടിന്റെ വിജയ സാധ്യത, കൂടുതൽ ഫണ്ട് പ്രവർത്തന മൂലധനമായി നീക്കി വെച്ചിട്ടുണ്ടോ എന്നിവ പരിശോധിച്ച് വായ്പയ്ക്ക് ശുപാർശ ചെയ്ത് അപേക്ഷ ധനകാര്യ സ്ഥാപനത്തിലേയ്ക്ക് അയയ്ക്കുന്നു. ധനകാര്യ സ്ഥാപനം വായ്പ അനുവദിക്കുന്ന മുറയ്ക്ക് ആയതിന്റെ ആനുപാതിക സബ്സിഡി സർക്കാരിൽ നിന്നും എംപ്ലോയ്മെന്റ് വകുപ്പു മുഖാന്തിരം ജോബ് ക്ലബ്ബിന്റെ പേരിൽ ബാങ്കിലേയ്ക്ക് നൽകുന്നു. വായ്പ ലഭിച്ചുകഴിഞ്ഞാലുടൻ അപേക്ഷകന് സംരംഭം ആരംഭിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ